**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4866** **20-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട് കാട്ടാക്കട നിയോജകമണ്ഡലത്തിൽ നിന്നും ഭൂമി വിട്ടു നൽകുന്നവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ ഭൂമി വിട്ടു നൽകുന്നവരുടെ എണ്ണം എത്രയെന്നും അറിയിക്കാമോ; | (എ) | തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് വിഴിഞ്ഞം-നാവായിക്കുളം പദ്ധതിയുമായി ബന്ധപ്പെട്ട് കാട്ടാക്കട നിയോജക മണ്ഡലത്തിൽ നിന്നും ഏകദേശം 2354 പേരുടെ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ ഭൂമി വിട്ടുനൽകുന്നവരുടെ എണ്ണം നിലവിൽ 8537 ആണ്. നിലവിലെ കൈവശമനുസരിച്ച് സബ് ഡിവിഷൻ തയ്യാറാക്കുമ്പോഴും, പുതിയ 3എ വിജ്ഞാപനം അനുസരിച്ച് 7 കവാടങ്ങളും നാവായിക്കുളം വിഴിഞ്ഞം വില്ലേജുകളുടെ 'ക്ലോവർ' ലീഫ് എന്നിവകൂടി ഏറ്റെടുക്കുമ്പോൾ നിലവിലെ കണക്കിൽ നിന്നും 25% ൽ കൂടുതൽ എണ്ണത്തിൽ വ്യത്യാസം വരാൻ സാധ്യതയുണ്ട്. തുടക്കത്തിലും ഒടുക്കത്തിലും അലൈൻമെന്റ് സ്റ്റോൺ ദേശീയപാത അതോറിറ്റി സ്ഥാപിക്കാത്തതിനാൽ സർവേ നടപടികൾ ആരംഭിച്ചിട്ടില്ല. |
| (ബി) | ഭൂമി വിട്ടു നൽകുന്നവർക്കുള്ള നഷ്ടപരിഹാരം എന്നു മുതൽ കൊടുക്കാനാകുമെന്നും എത്ര നാൾ കൊണ്ട് കൊടുത്തുതീർക്കാനാകുമെന്നും വ്യക്തമാക്കാമോ? | (ബി) | പദ്ധതിക്ക് ബന്ധപ്പെട്ട അതോറിറ്റിയിൽ നിന്ന് അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം വിതരണം ആരംഭിക്കുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ